7
വ്യാഴം
2017 ഡിസംബർ
1193 വൃശ്ചികം 22

# മക്തബ്

www.makthabdaily.com

ഗവ. അംഗീകൃത ലൈസൻസോടുകൂടി
കുഴൽകിണറുകൾ
കുറഞ്ഞ ചെലവിൽ ഉറപ്പോടും
വിശ്വസ്തതയോടും കൂടി കുഴിച്ചുകൊടുക്കുന്നു
ജലധാര
ബോർവെൽ സർവ്വീസ്
• ആലക്കോട്
• തളിപ്പറമ്പ്
• ഇരിട്ടി
9447953049, 9656062585

തളിപ്പറമ്പ പുസ്തകം 11 ലക്കം 45 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

## സി.പി.ഐ നേതാവ് ഹരിത ട്രിബ്യൂണലിൽ പരാതി നൽകി

# മൂന്നാർ: സി.പി.എമ്മിനെതിരെ യുദ്ധം പ്രഖ്യാപിച്ച് സി.പി.ഐ

തിരുവനന്തപുരം: മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കുന്ന വിഷയത്തിൽ നിലപാടിൽ നിന്ന് പിറകോട്ടു പോകാൻ തയ്യാറല്ലെന്ന് പ്രഖ്യാപിച്ച് സി.പി.ഐ. മൂന്നാറിൽ കയ്യേറ്റം നടത്തിയത് ഉന്നതരാണ്. അവർക്ക് രാഷ്ട്രീയ സ്വാധീനമുണ്ട്. ഉന്നത ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടെയും ബിനാമികളാണ് കയ്യേറ്റം നടത്തിയത്. വിവാദമായ കൊട്ടാക്കാമ്പൂരിൽ ഭൂമി കയ്യേറിയ മുമ്പാകെ ഒരു ഹർജി നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ ഹർജി നിയമപരമായി നിലനിൽക്കുമോയെന്ന സംശയം ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സി.പി.ഐ നേതാവ് ചെന്നൈ ആസ്ഥാനമായ ഹരിത ട്രിബ്യൂണലിൽ പുതിയ ഹർജി നൽകിയത്.

നേരത്തെ മൂന്നാർ കയ്യേറ്റ കേസിൽ ഹാജരാകുന്ന അഭിഭാഷകനെ ചൊല്ലി സി.പി.എമ്മും സി.പി.ഐയും തമ്മിൽ തർക്കം നടന്നിരുന്നു. അഡീ. അഡ്വക്കറ്റ് ജനറൽ ഹാജരാകണമെന്ന സി.പി.ഐ നിലപാട് അഡ്വക്കറ്റ് ജനറൽ അംഗീകരിച്ചിരുന്നില്ല. കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് സി.പി.എമ്മും സി.പി.ഐയും തമ്മിൽ കടുത്ത അഭിപ്രായ ഭിന്നത ഉടലെടുത്തിരുന്നു.

അതിനിടെ ഹരിത ട്രിബ്യൂണലിൽ ഹർജി നൽകി സി.പി.ഐ നിലപാടിനെ രൂക്ഷമായി വിമർശിച്ച് സി.പി.എം നേതാവ് എസ്.രാജേന്ദ്രൻ എം.എൽ.എ രംഗത്തുവന്നു. എവിടെ നിന്നെങ്കിലും കഥകേൾക്കുന്നവർക്കും മുഖപ്രസംഗം വായിക്കുന്നവർക്കും കാശ് ആരെങ്കിലും നൽകിയാൽ എന്ത് കേസും ഫയൽ ചെയ്യാമെന്ന് രാജേന്ദ്രൻ പരിഹസിച്ചു. മൂന്നാറിൽ ജീവിക്കുന്നവർക്കെ കാര്യങ്ങളറിയൂ. മൂന്നാറിലെ യഥാർത്ഥ കയ്യേറ്റം ഒഴിപ്പിക്കാൻ ഇവർക്ക് ധൈര്യമുണ്ടോയെന്നും രാജേന്ദ്രൻ വെല്ലുവിളിച്ചു.

## പേരാവൂരിൽ ഡി.വൈ.എഫ്.ഐ നേതാവിന്റെ ഓട്ടോറിക്ഷ കത്തിച്ചു

പേരാവൂർ: പുതുശേരിയിൽ ഡി.വൈ.എഫ്.ഐ നേതാവിന്റെ ഓട്ടോറിക്ഷ തീവെച്ച് നശിപ്പിച്ചു. ഡി.വൈ.എഫ്.ഐ പേരാവൂർ മേഖല ട്രഷറർ പത്തായപ്പുരയിൽ റഹീമിന്റെ ഓട്ടോറിക്ഷയാണ് ഇന്ന് പുലർച്ചെ 1.30ഓടെ അഗ്നിക്കിരയാക്കിയത്. ഓട്ടോറിക്ഷാ യൂണിയൻ (സി.ഐ.ടി.യു) നേതാവുകൂടിയാണ് റഹീം. വീട്ടുമുറ്റത്ത് നിർത്തിയിട്ടതായിരുന്നു ഓട്ടോറിക്ഷ. ഇതിനകത്തെ രേഖകൾ മുഴുവൻ പുറത്ത് വാരിയിട്ട് കത്തിച്ച് കളഞ്ഞിട്ടുമുണ്ട്. വീടിന് സമീപത്ത് പോസ്റ്ററും പതിച്ചിട്ടുണ്ട്. തീയിട്ടത് രാഷ്ട്രീയ കാരണത്താൽ അല്ലെന്നും ഓട്ടോയിൽ യാത്ര ചെയ്തപ്പോൾ അപമാനിക്കാൻ ശ്രമിച്ചതിന്റെ തിരിച്ചടിയാണെന്നുമാണ് പോസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഓട്ടോറിക്ഷക്ക് തീപിടിച്ച് തൊട്ടടുത്ത് നിർത്തിയിട്ട കാറിനും കേടുപാട് സംഭവിച്ചു. വീടിന്റെ കഴുക്കോലിലേക്ക് തീ പടർന്നെങ്കിലും യഥാസമയം കണ്ടതിനാൽ തീ അണക്കുകയായിരുന്നു. അതിനാലാണ് വൻ ദുരന്തം ഒഴിവായത്. ഓട്ടോറിക്ഷക്ക് സമീപം ഉണ്ടായിരുന്ന പക്ഷിക്കൂടും ഭാഗികമായി കത്തിനശിച്ചു. തീ പടരുന്നത് കണ്ട അയൽവാസികളാണ് റഹീമിന്റെ വീട്ടുകാരെ വിളിച്ചുണർത്തി വിവരം പറഞ്ഞത്. സംഭവത്തിന് പിറകിൽ ആരാണെന്ന് വ്യക്തമായിട്ടില്ല. തീവെപ്പിൽ പ്രതിഷേധിച്ച് പേരാവൂർ ടൗണിൽ ഉച്ചവരെ ഓട്ടോ ഡ്രൈവർമാർ പണിമുടക്കി.

## പോലീസിനെതിരെ വധഭീഷണി മുഴക്കിയ ആൾക്ക് തടവും പിഴയും

കണ്ണൂർ: ബി.ജെ.പി കൊടിമരവും ബാനറും തകർക്കുന്നത് തടയാൻ ശ്രമിച്ച പോലീസിനെതിരെ വധ ഭീഷണിമുഴക്കിയ ആൾക്ക് തടവും പിഴയും. അഴീക്കോട് ചാലിൽ വായനശാലക്ക് സമീപത്തെ ബി.ജെ.പി കൊടിമരവും ബാനറും 2008 ഫിബ്രവരി 10ന് ഉച്ചക്ക് 2.30ന് തകർക്കുന്നതിനിടെ തടയാൻ ശ്രമിച്ച പോലീസിന്റെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തുകയും മാരകായുധങ്ങൾ ഉപയോഗിച്ച് പോലീസുകാർക്കെതിരെ വധഭീഷണി മുഴക്കുകയും ചെയ്ത അഴീക്കോട് കപ്പക്കടവിലെ പുത്തൻപുരയിൽ റജിൽ (30)നെ കണ്ണൂർ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് (ഒന്ന്) ഇ.രഞ്ജിത്ത് ഒരു മാസം തടവിനും 2000 രൂപ പിഴയടക്കാനും ശിക്ഷിച്ചു.

## കാണാതായ വീട്ടമ്മയെ അവശനിലയിൽ ആളൊഴിഞ്ഞ പറമ്പിൽ കണ്ടെത്തി

തളിപ്പറമ്പ: പരിയാരം മെഡിക്കൽ കോളേജാശുപത്രിയിൽ ഡോക്ടറെ കാണിച്ച് പുറത്തിറങ്ങി കാണാതായ വീട്ടമ്മയെ രണ്ട് കിലോമീറ്റർ മാറി ആളൊഴിഞ്ഞ പറമ്പിൽ അവശനിലയിൽ കണ്ടെത്തി. ശ്രീകണ്ഠപുരം കോട്ടൂരിലെ സി.കെ. ശ്യാമള (65)യെയാണ് പോലീസിന്റെ സാഹസികമായ തിരച്ചിലിനിടയിൽ കണ്ടെത്തിയത്. ഇന്ന് രാവിലെ പത്ത് മണിയോടെ തളിപ്പറമ്പ സി.ഐ ഓഫീസിലെ എസ്.ഐയും പ്രദേശവാസിയുമായ പുഷ്പജൻ, പോലീസ് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് രമേശൻ വെള്ളോറ, സെക്രട്ടറി രാജേഷ് കടമ്പേരി, കണ്ണൂർ ടൗൺ സി.ഐയുടെ ഡ്രൈവർ ശിവൻ എന്നിവർ നടത്തിയ തിരച്ചിലിലാണ് ഇവരെ കണ്ടെത്തിയത്. ആയുർവേദ മെഡിക്കൽ കോളേജിനടുത്ത് റോഡ് പണിയെടുക്കുന്ന തമിഴ്നാട് സ്വദേശിയാണ് സൂചന നൽകിയത്. ഇതേതുടർന്ന മുഴുവൻ പറമ്പും അരിച്ച് പെറുക്കുകയായിരുന്നു. വഴിതെറ്റി ആയുർവേദ മെഡിക്കൽ കോളേജിന്റെ പിറകുവശത്തുകൂടി സഞ്ചരിച്ച ഇവർ തളർന്ന് വീഴുകയായിരുന്നു. മിനിഞ്ഞാന്ന് വൈകിട്ട് മുതൽ ഇവർ ഇവിടെ തളർന്നു കിടക്കുകയായിരുന്നു. ഇവരെ ഉടൻ പരിയാരം മെഡിക്കൽ കോളേജാശുപത്രിയിൽ എത്തിച്ചു. ആരോഗ്യനിലയിൽ ആശങ്കപ്പെടാനൊന്നുമില്ലെന്ന് ഡോക്ടർമാർ അറിയിച്ചു.

## ഭാഗ്യക്കുറി നമ്പർ തിരുത്തി തട്ടിപ്പ് ജില്ലയുടെ പലഭാഗത്തും നടന്നതായി സൂചന

പോലീസ് കസ്റ്റഡിയിൽ വാങ്ങി അറസ്റ്റ് രേഖപ്പെടുത്തും.

ഇരിട്ടി: ഭാഗ്യക്കുറി ടിക്കറ്റിലെ നമ്പർ തിരുത്തി ഏജന്റുമാരിൽ നിന്ന് പണം തട്ടിയെടുത്ത കേസിൽ പിടിയിലായ ഇരിക്കൂർ കൂട്ടാവിലെ മാവില ക്കണ്ടി ഷിജിത്ത് (30) ജില്ലയുടെ പല ഭാഗങ്ങളിലും തട്ടിപ്പ് നടത്തിയതായി സൂചന. കോടതി റിമാണ്ട് ചെയ്ത ഷിജിത്തിനെ മറ്റ് പോലീസ് സ്റ്റേഷനുകളിലെ പരാതികൾ പരിശോധിച്ച് അതാത്

## മലപ്പുറത്ത് പിതാവ് മകളെ കഴുത്ത് ഞെരിച്ച് കൊന്നു

മലപ്പുറം: പെരുവള്ളൂരിൽ പിതാവ് മകളെ കഴുത്ത് ഞെരിച്ച് കൊന്നു. പിന്നീട് പോലീസിൽ കീഴടങ്ങിയ പിതാവിന്റെ അറസ്റ്റ് രേഖപ്പെടുത്തി.

പറങ്കിമാവിൽ വീട്ടിൽ ശാലു (18)വിനെയാണ് പിതാവ് ശശി കൊലപ്പെടുത്തിയത്. ശശി സംശയരോഗിയാണ്. ഭാര്യക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്ന് പറഞ്ഞ് വീട്ടിൽ നിരന്തരം വഴക്കുണ്ടാക്കാറുണ്ട്. അടുത്ത കാലത്തായി മകൾക്ക് ഒരു യുവാവുമായി ബന്ധമുണ്ടെന്ന സംശയവും ശശിക്കുണ്ടായി. ഇതേ തുടർന്നാണ് ഇന്നലെ രാത്രി ഉറങ്ങിക്കിടക്കുകയായിരുന്ന മകളെ കഴുത്ത് ഞെരിച്ച് കൊന്നത്. മകളെ കൊലപ്പെടുത്തിയ ശേഷം ഇയാൾ ആത്മഹത്യക്ക് ശ്രമിച്ചതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്. ആത്മഹത്യ പരാജയപ്പെട്ടതിനെ തുടർന്നാണ് പുലർച്ചെ 3.30 ഓടെ പോലീസിൽ കീഴടങ്ങിയത്.

തിരുവനന്തപുരം വെഞ്ഞാറമൂട് സ്വദേശിയാണ് ശശി. പെരുന്തൽമണ്ണ താഴെക്കോടാണ് ശശിയുടെ ഭാര്യാ വീട്. ഇവർ പെരുവള്ളൂരിൽ വാടകക്ക് താമസിച്ചുവരികയായിരുന്നു. പ്ലസ്ടു പഠനത്തിന് ശേഷം പി.എസ്.സി പരിശീലനം നടത്തിവരികയായിരുന്നു ശാലു.

## ലക്ഷങ്ങളുടെ കമ്പി മോഷണ സംഘത്തിലെ പിടികിട്ടാപ്പുള്ളികളായ രണ്ടുപേർ അറസ്റ്റിൽ

തളിപ്പറമ്പ: സംസ്ഥാനത്തിനകത്ത് വിവിധ സ്ഥലങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ കമ്പി മോഷ്ടിച്ച സംഘത്തിലെ പിടികിട്ടാപ്പുള്ളികളായ രണ്ടുപേർ അറസ്റ്റിൽ. ഇടുക്കി കരിങ്കുന്നം കുറ്റിപ്പുവത്തിങ്കൽ ഹൗസിൽ കെ.എസ്. ശ്രീജിത്ത് ഈരാറ്റുപേട്ട പാറാപുഴയിലെ ചിറ്റാരിപ്പാറ ഹൗസിൽ സി.സി. ബിനു എന്നിവരെയാണ് തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലിന്റെ സ്കാഡിലെ സീനിയർ സി.പി.ഒ. രമേശൻ, സി.പി.ഒമാരായ സുരേഷ് കക്കറ, ഷർഫുദീൻ എന്നിവർ ചേർന്ന് പിടികൂടിയത്.

2012ൽ തളിപ്പറമ്പ് കുറ്റിക്കോലിലെ കെ.പി.എൻ. ട്രേഡേഴ്സിന്റെ മുന്നിൽ സൂക്ഷിച്ച രണ്ടര ലക്ഷം രൂപ വിലവരുന്ന നാല് ടൺ കമ്പി, കരുവഞ്ചാൽ

ശ്രീജിത്ത് ബിനു

യൂണിവേഴ്സൽ അസോസിയേറ്റ്സിന്റെ മുന്നിൽ സൂക്ഷിച്ച ഒരു ലക്ഷം രൂപ വിലമതിക്കുന്ന 20 കിന്റൽ വാർപ്പ് കമ്പി.

ശ്രീകണ്ഠപുരം പെരുവളത്ത്പറമ്പിൽ അബ്ദുൾറസാഖിന്റെ ഉടമസ്ഥതയിലുള്ള ഹാർഡ്വേഴ്സിന്റെ പിൻഭാഗത്ത് സൂക്ഷിച്ച പതിനാലര കിന്റൽ കമ്പി തുടങ്ങിയവ മോഷ്ടിച്ച കേസിലെ പ്രതികളാണ് ഇരുവരും. ഈ കേസിൽ ജാമ്യത്തിലിറങ്ങി ഇരുവരും മുങ്ങുകയായിരുന്നു. ഇതേ തുടർന്ന് 2014ൽ കോടതി ഇരുവരെയും പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചിരുന്നു. പലതവണ പോലീസ് ഇവരെ പിടികൂടാൻ ശ്രമിച്ചിരുന്നെങ്കിലും വെട്ടിച്ച് രക്ഷപ്പെടുകയായിരുന്നു. ഇന്നലെ രാത്രി തൊടുപുഴ ടൗണിൽ വെച്ച് പോലീസിനെ കണ്ട ശ്രീജിത്ത് ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. സ്കാഡംഗങ്ങൾ പിറകെ ഓടി സാഹസികമായി ശ്രീജിത്തിനെ കീഴ്പ്പെടുത്തുകയായിരുന്നു. ഇയാളിൽ നിന്നും ലഭിച്ച വിവരത്തെ തുടർന്നാണ് പാറാപുഴയിൽ നിന്ന് ബിനുവിനെ പിടികൂടിയത്. ഇരുവരെയും തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ എത്തിച്ചിട്ടുണ്ട്.

## ബസുകൾക്ക് കല്ലേറ്

കാസർക്കോട്: കേരളത്തിൽ പൊതുവേ സമാധാനപരമായി കടന്നുപോയ ബാബ്റി ദിനാചരണത്തിൽ കാസർക്കോട് ബസുകൾക്ക് കല്ലേറ്. ഇന്നലെ രാത്രിയാണ് കല്ലേറ് നടന്നത്. ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിലെ കുമ്പാടാജെ വെളിഞ്ച ചക്കുടലിൽ സ്വകാര്യ ബസിന് നേരെ കല്ലേറ് നടന്നു. ബൈക്കിൽ എത്തിയ സംഘമാണെത്രെ കല്ലെറിഞ്ഞത്. ബസിന്റെ മുൻവശത്തെ ഗ്ലാസ് തകർന്നു. എന്നാൽ ആർക്കും പരിക്കേറ്റിട്ടില്ല. അക്രമത്തിൽ പ്രതിഷേധിച്ച് മുള്ളേര്യ, ബദിയടുക്ക, കുമ്പള റൂട്ടിൽ ഇന്ന് സ്വകാര്യ ബസുകൾ ഓട്ടം നിർത്തി.

## പഴയങ്ങാടി പുഴയിൽ ചാടിയ തളിപ്പറമ്പിലെ അധ്യാപകനെ മത്സ്യത്തൊഴിലാളികൾ രക്ഷിച്ചു

പഴയങ്ങാടി: ഇന്ന് പുലർച്ചെ പഴയങ്ങാടി പാലത്തിൽ നിന്ന് പുഴയിൽ ചാടിയ തളിപ്പറമ്പിന് സമീപത്തെ പ്രധാന അധ്യാപകനെ മത്സ്യത്തൊഴിലാളികൾ രക്ഷിച്ചു. പുലർച്ചെ 5.30 ഓടെ പള്ളിയിൽ നിന്ന് നിസ്ക്കാരം കഴിഞ്ഞ് പുറത്തിറങ്ങിയ അധ്യാപകൻ വീട്ടുകാരെ ഫോണിൽ വിളിച്ച് താൻ പുഴയിൽ ചാടാൻ പോവുകയാണെന്നും സ്കൂട്ടർ പാലത്തിൽ വച്ചിട്ടുണ്ടെന്നും പറഞ്ഞത്രെ. പാലം വഴി പോവുകയായിരുന്ന നാട്ടുകാരിൽ ചിലർ സ്കൂട്ടറും ചെരിപ്പും കാണപ്പെട്ടതിനെ തുടർന്ന് പോലീസിൽ വിവരമറിയിച്ചു. പഴയങ്ങാടി പോലീസും അഗ്നിശമനസേനയും സ്ഥലത്തെത്തുമ്പോഴേക്കും താവം പള്ളിക്ക് സമീപത്തെ പുഴയിൽ ഒഴുകിപ്പോവുകയായിരുന്ന അധ്യാപകനെ മത്സ്യത്തൊഴിലാളികൾ രക്ഷപ്പെടുത്തിയിരുന്നു. ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## പ്ലസ്ടു വിദ്യാർത്ഥിനി കൈ ഞരമ്പ് മുറിച്ച് അവശനിലയിൽ

പയ്യന്നൂർ: പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിലെ പ്ലസ്ടു വിദ്യാർത്ഥിനിയെ കൈ ഞരമ്പ് മുറിച്ച നിലയിൽ പയ്യന്നൂർ സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വയക്കരയിലെ യുവാവുമായി പ്രണയത്തിലായിരുന്നുവെന്നും ഇയാൾ പിന്തിരിഞ്ഞതിലുള്ള മനോവിഷമമാണ് ആത്മഹത്യാ ശ്രമത്തിന് കാരണമെന്നും അറിയുന്നു.

## തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതിന് കേസ്

കണ്ണൂർ: തളാപ്പിലെ ഒരു സ്കൂളിലെ ഏഴാംക്ലാസ് വിദ്യാർത്ഥികളായ രണ്ടുപേരെ ഓട്ടോയിൽ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതിന് കേസ്. തളാപ്പിലെ ഓട്ടോഡ്രൈവർ മാനോജ് തന്റെ കെ.എൽ 13 സെഡ് 1168 ഓട്ടോറിക്ഷയിലാണ് വിദ്യാർത്ഥികളെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചത്.

## പാലക്കാട് നിന്ന് കാണാതായ വയോധികൻ കണ്ണൂരിൽ

കണ്ണൂർ: പാലക്കാട് നിന്ന് കാണാതായ വയോധികനെ കണ്ണൂരിൽ കണ്ടെത്തി. പാലക്കാട് ചെർപുളശേരിയിലെ അബൂബക്കറി (85)നെയാണ് കഴിഞ്ഞ ദിവസം ഉച്ചക്ക് കണ്ണൂർ ജില്ലാ ആശുപത്രിക്ക് സമീപത്തെ ബസ്സ്റ്റാന്റിൽ നിന്ന് കണ്ടെത്തിയത്. ബസ്സ്റ്റാന്റിൽ ഇയാളെ കണ്ടതിനെ തുടർന്ന് സംശയം തോന്നിയ കണ്ണൂർ സിറ്റി പോലീസ് പാലക്കാട് പോലീസുമായി ബന്ധപ്പെടുകയായിരുന്നു.

## മുന്നറിയിപ്പില്ലാതെ വില കൂട്ടി; ക്രഷറിന് മുന്നിൽ സമരം

ശ്രീകണ്ഠപുരം: ജില്ലി, ജില്ലിപ്പൊടി, എംസാന്റ് തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് മുന്നറിയിപ്പില്ലാതെ ടണ്ണിന് 100രൂപയോളം കൂട്ടിയതിൽ പ്രതിഷേധിച്ച് ചേപ്പറമ്പിലെ ജെ.പി. ക്രഷറിന് മുന്നിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സമരം തുടങ്ങി. ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു, ബി.എം.എസ് എന്നീ സംഘടനകളുടെ നേതൃത്വത്തിലാണ് വാഹനങ്ങൾ തടഞ്ഞ് സമരം തുടങ്ങിയത്. നഗരസഭ കൗൺസിലർ മിനി മേലേട്ടുപറമ്പിൽ, വി.വി. സുനിൽകുമാർ, കെ.പി. ലിജേഷ്, അജി കരിയിൽ, സുരേഷ്ബാബു, പ്രസാദ്, ജോർജ് മേലേറ്റുതടം, ജയിംസ് തുടങ്ങിയവർ സംസാരിച്ചു.

## തളിപ്പറമ്പ് ജില്ലാ ബാങ്കിലെ തട്ടിപ്പ്; രമക്ക് ജാമ്യം ലഭിച്ചു

തളിപ്പറമ്പ: ജില്ലാ സഹകരണ ബാങ്ക് തളിപ്പറമ്പ് ശാഖയിൽ നടന്ന സ്വർണ്ണ തട്ടിപ്പ് കേസിലെ മുഖ്യപ്രതി ജൂനിയർ മാനേജർ രമക്ക് ഹൈക്കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. 50,000 രൂപയുടെ രണ്ട് ആൾ ജാമ്യം, പാസ്പോർട്ട് ഉണ്ടെങ്കിൽ കോടതിയെ ഏൽപ്പിക്കണം, സാക്ഷികളെ സ്വാധീനിക്കരുത്, തെളിവ് നശിപ്പിക്കരുത്, അന്വേഷണവുമായി സഹകരിക്കണം, മേലിൽ ഇപ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടരുത് എന്നീ ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചത്. എന്നാൽ രമക്ക് പാസ്പോർട്ട് ഇല്ലാത്തതിനാൽ അക്കാര്യം കോടതിയിൽ സത്യവാങ്മൂലമായി സമർപ്പിച്ചതിന് ശേഷമാണ് ജസ്റ്റിസ് രാജ വിജയരാഘവൻ ജാമ്യം അനുവദിച്ചത്. രമക്ക് വേണ്ടി അഭിഭാഷകരായ സി.കെ. രത്നകുമാർ, പി.കെ. രവിശങ്കർ എന്നിവർ ഹാജരായി.

നിർമ്മിച്ച കട്ടിള ജനലുകൾ
മരവ്യവസായ മേഖലയിൽ 37 വർഷത്തെ സേവന പാരമ്പര്യം
• എല്ലാവിധ വിദേശ മരങ്ങളുടെയും മരുരുപ്പടികൾ
• ഉരുളൻ മരങ്ങൾ
• വുഡൻ ഡോറുകൾ
• ഫർണിച്ചറുകൾ
എല്ലാം ന്യായവിലയിൽ
വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ഉൽപ്പന്നങ്ങളുടെ അംഗീകൃത ഡീലർ
ഇന്റർനാഷണൽ ടിമ്പേർസ്
കുറ്റിക്കോൽ, ടോൾബൂത്തിന് സമീപം
N.H. തളിപ്പറമ്പ്
Ph: 9447485384, 9946555384, 0460 2200484 (Off)
ഹോൾസെയിൽ & റീട്ടെയിൽ

എയർ കണ്ടീഷൻ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
• ശരിയായ റും സൈസിന് ചേർന്ന ടണ്ണേജ് സെലക്ട് ചെയ്യുക
• എ.സി. വാങ്ങുമ്പോൾ കോപ്പർ തന്നെ ചോദിച്ചു വാങ്ങുക
• എയർ കണ്ടീഷന് തുടർച്ചയായ സർവ്വീസിങ്ങ് വേണ്ടി വരുമ്പോൾ നല്ല പരിചയമുള്ളവരെ കൊണ്ട് മാത്രം ചെയ്യിക്കുക
• Ac Install ചെയ്യുമ്പോൾ വാക്വാക്കൈസ് ചെയ്ത് ഫിക്സ് ചെയ്യുകയാണെങ്കിൽ കമ്പനിവാറന്റി കുടുതൽ ലൈഫ് കിട്ടുന്നു.
• കമ്പനി തരുന്ന കോപ്പർ പൈപ്പ് പൂർണ്ണമായും ഉപയോഗിക്കുക

| | |
|---|---|
| Ac Installation charge (Normal) | 700 |
| Ac installation charge with stand (provided by dealer) | 900 |
| Ac Installation charge with stand (Provided by technician) | 1400 |
| Ac Installation conceld | 1800 |
| Ac gas charging (Top up) | 900 |
| Service charge | 350 |
| Water service | 500 |
| Re-installation charge | 1300 |

20 വർഷത്തെ സേവനപാരമ്പര്യം
Kool Home
AIR CONDITION CONSULTING & SERVICE CENTRE
MANNA, TALIPARAMBA
Ph: 0460 2208842, 7025707351, 9995829971
e-mail: koolhome@gmail.com
എല്ലാതരം എയർകണ്ടീഷൻ, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എന്നിവ ഉത്തരവാദിത്വത്തോടെ റിപ്പയർ ചെയ്തു കൊടുക്കുന്നു

ആദരാഞ്ജലികൾ

ഓമന
(പാർട്ടണർ, ഹോട്ടൽ സാമ്രാട്ട്)
W/o. Late കണ്ടൻ കരുണാകരൻ
കമ്പിൽക്കടവ്, പറശ്ശിനിക്കടവ്
ഞങ്ങളുടെ പ്രിയ മാതാവ് പറശ്ശിനിക്കടവ് കമ്പിൽക്കടവിലെ ഓമന (68) നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. സംസ്കാരം ഇന്ന് വൈകുന്നേരം 3 മണിക്ക് പറശ്ശിനിക്കടവ് പൊതു ശ്മശാനത്തിൽ നടക്കുന്നതാണ്.
ദുഃഖാർത്തരായ മക്കൾ, മറ്റ് ബന്ധുമിത്രാദികൾ
ഹോട്ടൽ സാമ്രാട്ട്
തളിപ്പറമ്പ്